പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2452

01.04.2013 ൽ മറുപടിയ്ക്ക്

## മക്കരപറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം നിർമ്മിക്കാൻ വിട്ടുകൊടുത്ത ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. എ. അഹമ്മദ് കബീർ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലവിഭവ വകുപ്പിന്റെ അധീനതയിൽ മലപ്പുറം ജില്ലയിലെ വടക്കാങ്ങര വില്ലേജിലെ ഭൂമിയിൽ നിന്ന് 25 സെന്റ് ഭൂമി മക്കരപറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുകൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; | (എ) ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള വടക്കാങ്ങര വില്ലേജിൽ സർവ്വേ നം. 11/5 ബി യിലെ 82 സെന്റ് സ്ഥലത്ത് നിന്ന് 25 സെന്റ് സ്ഥലം മക്കരപറമ്പ് ഗ്രാമ പഞ്ചായത്തിന് കൈമാറുവാനും ഇതിൽ 5 സെന്റ് സ്ഥലം ഇരുകൂട്ടർക്കും ഉപയോഗിക്കുവാൻ വിധത്തിൽ ആക്കുവാനും 18/12/2012 ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. കൈമാറ്റ സംബന്ധമായ തുടർ നടപടികൾ സ.ഉ. (എംഎസ്) നം.387/2000/ആർഡി തീയതി 22/12/2000 പ്രകാരം കൈക്കൊള്ളുവാൻ (ജലസേചനവും ഭരണവും) ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത തീരുമാനമെടുത്ത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ബി) 18/12/2012 ൽ നിയമസഭാ കോംപ്ലക്സിൽ ജല വിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്സ് തയ്യാറാക്കിയിരുന്നില്ല. യോഗത്തിൽ പങ്കെടുത്ത ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ കത്ത് മുഖാന്തിരം തീരുമാനം അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുടർനടപടികൾ കൈക്കൊണ്ടത്. |

സെക്ഷൻ ഓഫീസർ